ബഹു. സുപ്രീം കോടതിയുടെ 29-10-2002-ലെ ഉത്തരവിൽ സമൂഹത്തിലെ അഗതികളായ വിഭാഗത്തിന് അന്ത്യോദയ അന്നയോജന പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ സുപ്രീം കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ നൽകിയിട്ടുള്ള മാർഗ്ഗ നിർദ്ദേശമനുസരിച്ച് നിരാശ്രയരായ വിധവകളേയും വിധവകൾ നാഥയായിട്ടുള്ള കുടുംബങ്ങളേയും പ്രത്യേകമായി അന്ത്യോദയ അന്നയോജന പദ്ധതിയുടെ ഗുണഭോക്താക്കളായി ഉൾപ്പെടുത്താൻ നിർദ്ദേശിച്ചിട്ടുണ്ട്.

ലാഭം മാർക്കറ്റുകൾ സ്ഥാപിക്കാൻ നടപടി

59 (1113) ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സപ്ലൈകോയുടെ കീഴിൽ എത്ര 'ലാഭം' മാർക്കറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അവയുടെ ജില്ലതിരിച്ചുള്ള കണക്കുകളും വെളിപ്പെടുത്താമോ ;

(ബി) ഇവയുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്ത് എല്ലാ പഞ്ചായത്തുകളിലും ഒരു 'ലാഭം' മാർക്കറ്റ് വീതം ആരംഭിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 87 എണ്ണം. ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) ലാഭം മാർക്കറ്റുകൾ എല്ലാംതന്നെ വളരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഇവിടെ നിത്യോപയോഗ സാധനങ്ങൾ എല്ലാംതന്നെ സൗകര്യപ്രദവും ആകർഷണീയവുമായ പായ്ക്കറ്റുകളിലാക്കി ഉപഭോക്താക്കൾക്ക് സ്വയം തിരഞ്ഞെടുക്കുവാനുള്ള സൗകര്യത്തോടുകൂടി പ്രദർശിപ്പിക്കുന്നു. കൂടാതെ കമ്പ്യൂട്ടറൈസ്ഡ് ബില്ലിംഗ് സമ്പ്രദായവും ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) നിശ്ചിത മാനദണ്ഡം പുലർത്തുന്ന മാവേലി സ്റ്റോറുകളെയാണ് ലാഭം മാർക്കറ്റുകളാക്കി മാറ്റുന്നത്. ഇത് പഞ്ചായത്ത് അടിസ്ഥാനപ്പെടുത്തിയല്ല.

---

†അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

[25-6-2003-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 59 (1113) കാണുക]

ലാഭം മാർക്കറ്റുകൾ ജില്ല തിരിച്ചുള്ള ലിസ്റ്റ്

ക്രമ നമ്പർ	ജില്ല	എണ്ണം
1	തിരുവനന്തപുരം	8
2	കൊല്ലം	6
3	കോട്ടയം	11
4	പത്തനംതിട്ട	6
5	ഇടുക്കി	2
6	ആലപ്പുഴ	10
7	എറണാകുളം	16
8	പാലക്കാട്	2
9	തൃശ്ശൂർ	9
10	മലപ്പുറം	1
11	കോഴിക്കോട്	4
12	കണ്ണൂർ	7
13	വയനാട്	1
14	കാസർഗോഡ്	4
	ആകെ	87

LIBRARY ARCHIVES Kerala Legislative Assembly